**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 978** **18-09-2025 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി ലൈനുകൾക്ക് ഭീഷണിയായ മരങ്ങൾ മുറിച്ച് മാറ്റാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | മട്ടന്നൂർ മണ്ഡലത്തിലെ കോളയാട് ഗ്രാമപഞ്ചായത്തിലെ കെ.എസ്.ഇ.ബി.യുടെ വൈദ്യുതി ലൈനുകൾക്ക് ഭീഷണിയായ മരങ്ങൾ മുറിച്ച് മാറ്റുന്നതിന് സമർപ്പിച്ച അപേക്ഷയിൽ വനം വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ? | (എ) | മട്ടന്നൂർ നിയമസഭ മണ്ഡലത്തിലെ കോളയാട് ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ വരുന്നതും കണ്ണവം മുതൽ ചങ്ങലഗേറ്റ് വരെയും, ചങ്ങലഗേറ്റ് മുതൽ പെരുവ, കൊളപ്പവരെയും കണ്ണവം ചെറുവാഞ്ചേരി ഭാഗങ്ങളിലും വനം വകുപ്പിന്റെ പരിധിയിൽ വരുന്ന HT/LT ലൈനിന് ഭീഷണിയാകുന്ന മരങ്ങൾ / ശിഖരങ്ങൾ മുറിച്ച് മാറ്റുന്നതിന് രണ്ട് അപേക്ഷകൾ കിട്ടിയിരുന്നു. ബന്ധപ്പെട്ട റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാർ പ്രാഥമിക പരിശോധന നടത്തുകയും തുടർന്ന് കെ.എസ്.ഇ.ബി ഉദ്യോഗസ്ഥരുടെ സംയുക്ത പരിശോധന നടത്തിയതിനുശേഷം മാത്രമേ ഏതൊക്കെ മരങ്ങൾ/ശിഖരങ്ങൾ മുറിക്കേണ്ടതെന്ന് തീരുമാനിക്കുവാൻ കഴിയുകയുള്ളൂ. കെ.എസ്.ഇ.ബി അധികൃതരുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ